(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് സൂചനയായി കാണിച്ചുകൊണ്ടാണോ കളക്ടർക്ക് കത്ത് നൽകിയത്;

(സി) പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണോ നിർദ്ദേശം നൽകിയത്;

(ഡി) എങ്കിൽ നടപടികളിൽ വന്നിട്ടുള്ള കാലവിളംബത്തിന് കാരണമെന്താണ്; ഇക്കാര്യത്തിൽ ഉടൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി കൈമാറ്റം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി)&(സി) അതെ.

(ഡി) നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടിയിരുന്നതിനാലാണ് കാലതാമസം നേരിട്ടത്. ഭൂമി കൈമാറ്റം സത്വരമായി നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

320 (1512) പത്തനംതിട്ട ജില്ലയിലെ വില്ലേജ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജ് നിലവിൽവന്നിട്ട് എത്ര നാളായി;

(ബി) പത്തനംതിട്ട ജില്ലയിൽ സ്വന്തം കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനമെന്താണ്;

(സി) കൊല്ലമുള വില്ലേജിന്റെ ഓഫീസ് നിർമ്മിക്കുവാൻ സർക്കാരിന് പരിപാടിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1985-ൽ നിലവിൽവന്നു.

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കെട്ടിടം നിർമ്മിക്കുന്നതിന് നിർമ്മിതികേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly